பீஸ் பூமாவும் பிரித்துக் கொண்டிருக்கிறார்கள் என்பது சர்க்காருக்குத் தெரியவருமா ?

ஸ்ரீ. பனம்பிள்ளி கோவிந்த மேனோன்: தெரியவில்லை.

ശ്രീ. ഇട്ടീര അയ്യക്കൻ: കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഫീസ്സുകളും സമീകരിക്കുന്നതിനു് വല്ല ആലോചനയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമീകരിക്കുന്നതു കൊണ്ടു് വലിയ ഗുണമുണ്ടെന്നു തോന്നുന്നില്ല.

ஸ்ரீ. ஏ சிதம்பாநாத நாடார்: நாடார் பெண்களுக்கு பீஸ் சௌஜன்யம் நிலவிலிருக்க, சில பள்ளிக்கூடங்களில் முழு பீசும் வசூலிக்கப்படுவதைத் தடுக்க சர்க்கார் ஏதாவது செய்யுமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒന്നും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഫീസ്സു സമീകരിക്കാനുള്ള വിഷമം എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിഷമമൊന്നുമില്ല.

വ്യയസ്സുനീകരണം

* ൪൧൨. (൮൩) ശ്രീ.കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെയായി വല്ല വ്യയസ്സുനീകരണവും വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമൂലം ഗവൺമെണ്ടിനു് എത്ര സംഖ്യ ലാഭമുണ്ടാകും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) കൊല്ലത്തിൽ ൪,൪൫,൦൦൦ രൂപാ.

ശ്രീ. കെ. കെ. വിശ്വനാഥൻ: വ്യയസ്സുനീകരണം സംബന്ധിച്ചു് പറയത്തക്ക വല്ല ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പല ഉദ്യോഗങ്ങളും കുറിച്ചിട്ടുണ്ടു്. അത്യാവശ്യമായി തോന്നിയ ചില ഉദ്യോഗങ്ങളും സൃഷ്ടിച്ചിട്ടുമുണ്ടു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ഈ നാലു ലക്ഷത്തിൽ ചിലവാനം രൂപാ ഏതു കൊല്ലത്തിലാണു് കുറവുണ്ടായതു്?

ശ്രീ. എ. ജെ. ജോൺ: ഫസ്റ്റ്—൪൦൦൦.

ഭവനനിർമ്മാണ പദ്ധതി

* ൪൧൩. (൮൭) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഭവനനിർമ്മാണ പദ്ധതിയനുസരിച്ചു്, വീടുകൾ പണിയുന്നതിനു ഇക്കൊല്ലം തെരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം;

(ബി) ഈ പദ്ധതി അനുസരിച്ചു ഇതുവരെ ആകെ എത്ര വീടുകൾ പണിതിട്ടുണ്ടു്;

(സി) പ്രസ്തുത വീടുകൾക്കു് ശരാശരി എത്രകൊല്ലത്തെ ആയുസ്സു കിട്ടും?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) താഴെ പറയുന്ന സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ആലോചനയുണ്ട്.

ക.	തേരൂർ (അഗസ്തീശ്വരം താലൂക്ക്)	൨ ൦
ഖ.	ഐവർകാല (കുന്നത്തൂർ താലൂക്ക്)	൨ ൦
ഗ.	കൃഷ്ണപുരം (കരുനാഗപ്പള്ളി)	൭
ഘ.	വാവക്കാവു (ടി)	൫
ങ.	തെക്കുംമുറി (ചേർത്തല)	൧ ൟ
ച.	പള്ളം (കോട്ടയം)	൧ ൫
ഛ.	കാലടി (കുന്നത്തുനാട് താലൂക്ക്)	൧ ൫
ജ.	അന്തിക്കാട് (തൃശ്ശിവപേരൂർ താലൂക്ക്)	൧ ൫
ഝ.	ഏനായം (വിളവംകോട് താലൂക്ക്)	൩ ൦
ഞ ൦.	വിഴിഞ്ഞം (തിരുവനന്തപുരം)	൨ ൫
ഞ ഛ.	കൊല്ലം (കൊല്ലം താലൂക്ക്)	൧ ൦
ഞ ൨.	ചെറിയഴീക്കൽ (കരുനാഗപ്പള്ളി താലൂക്ക്)	൨ ൦
ഞ ൩.	വൈക്കം (വൈക്കം താലൂക്ക്)	൧ ൦
ഞ ൪.	തേവര (കൊച്ചികണയന്നൂർ)	൧ ൨
ഞ ൫.	അഴീക്കോട് (കൊടുങ്ങല്ലൂർ താലൂക്ക്)	൧ ൧
ഞ ൬.	എടവിലങ്ങു (മുകുന്ദപുരം താലൂക്ക്)	൧ ൨

(ബി) ൧ ൫ ൧ ഭവനങ്ങൾ.

(സി) ഉദ്ദേശം ൫ ൦ കൊല്ലം.

ശ്രീ. കെ ആർ. ഇലങ്കത്ത്: ഇതിൽ എത്രയെണ്ണം പണിതീർന്നിട്ടുണ്ട്?

ശ്രീ. എ. ജെ. ജോൺ: ൧ ൫ ൧ എണ്ണം.

ശ്രീ. പി. കെ. വർഗ്ഗീസ്: ഇതിൽ എല്ലാം അലോട്ട ചെയ്യുകഴിഞ്ഞോ?

ശ്രീ. എ. ജെ. ജോൺ: എല്ലാം അലോട്ട ചെയ്തിട്ടില്ല. എതാനും ഇനിയും അലോട്ട ചെയ്യാതെ കിടപ്പുണ്ട്. അതു് അതിനാവശ്യമായ എഗ്രിമെൻറ് എഴുതിത്തരാനുള്ള താമസംകൊണ്ടാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഒരു വീടിനു എത്ര ചിലവു വരും?

ശ്രീ. എ. ജെ. ജോൺ: ഉദ്ദേശം ആയിരത്തി അറനൂറു രൂപാ.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், ஒவ்வொரு வீட்டிலும் எத்தனை நபர்களுக்குத் தாமதிக்க முடியும்? (No answer).

ശ്രീ ആർ. ശങ്കർ: കരുനാഗപ്പള്ളി താലൂക്കിൽ മാത്രം മൂന്നു സ്ഥലങ്ങളിൽ ഭവനങ്ങൾ നിർമ്മിക്കാൻ നിശ്ചയിച്ചതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: എല്ലാതാലൂക്കുകളിലും ഒരുമിച്ചു തുടങ്ങുന്നതു തൽക്കാലം സാദ്ധ്യമല്ലാത്തതുകൊണ്ടാണു്.

ശ്രീ. ആർ. ശങ്കർ: അതു് ഓരോ താലൂക്കിലും ഓരോ ഭാഗത്തായി തുടങ്ങുന്നതല്ലേ സൗകര്യം?

ശ്രീ. എ. ജെ. ജോൺ: അതു് അത്യാവശ്യമനുസരിച്ചായിരിക്കും.

ശ്രീ. പി. കെ. ഡീവർ: ആരാണു് ഇതിന്റെ എസ്റ്റിമേറ്റ് തയാറാക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതു് പി. ഡബ്ലിയു. ഡിയിൽനിന്നുമാണു്.

LIBRARY ARCHIVES Kerala Legislative Assembly